**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** — **28-01-2026 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ക്ഷേത്രങ്ങളുടെ ഭരണത്തിലെ വീഴ്ചകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ. കെ. രമ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭരണത്തിൽ ഗുരുതരമായ വീഴ്ചകളും സാമ്പത്തിക ക്രമക്കേടുകളും മോഷണങ്ങളും നടന്നിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം, കട്ടിളപ്പാളി എന്നിവയുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ SSCR No.23/2025 നമ്പർ കേസിലെ 06.10.2025 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.10.2025-ലെ സ.ഉ.(കൈ) നം. 193/2025/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമാണ് ടി വിഷയങ്ങളിൽ അന്വേഷണം നടത്തിവരുന്നത്. അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടുകൾ അന്വേഷണം സംഘം നേരിട്ട് ബഹു. ഹൈക്കോടതിയിലാണ് സമർപ്പിക്കുന്നത് എന്നതിനാൽ അന്വേഷണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| (ബി) | ശബരിമലയിലെ ദ്വാരപാലക ശില്പത്തിലും കട്ടിളപാളിയിലും പൊതിഞ്ഞിരുന്ന സ്വർണ്ണം ദേവസ്വം ബോർഡിന്റെ കൂടി അറിവോടെ അപഹരിച്ചതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം, കട്ടിളപ്പാളി എന്നിവയുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ SSCR No.23/2025 നമ്പർ കേസിലെ 06.10.2025 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.10.2025-ലെ സ.ഉ.(കൈ) നം. 193/2025/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമാണ് ടി വിഷയങ്ങളിൽ അന്വേഷണം നടത്തിവരുന്നത്. അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടുകൾ അന്വേഷണം സംഘം നേരിട്ട് ബഹു. ഹൈക്കോടതിയിലാണ് സമർപ്പിക്കുന്നത് എന്നതിനാൽ അന്വേഷണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തിട്ടപ്പെടുത്തിയ മാതൃകയിൽ ദേവസ്വത്തിലെയും ക്ഷേത്രങ്ങളിലെയും സ്റ്റോങ്ങ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം 2018-ൽ തന്നെ 09.01.2018-ലെ റവ-ദേവ2/20/2018-റവ കത്ത് പ്രകാരം സർക്കാർ എല്ലാ ദേവസ്വങ്ങൾക്കും നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ വിവിധ കത്തുകളിലൂടെ തുടർ നിർദേശങ്ങളും നല്കിയിട്ടുള്ളതാണ്. കൂടാതെ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ്/ ഭരണസമിതികളുടെ അദ്ധ്യക്ഷൻമാരുമായി നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള സമാനമായ വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.<br><br>ക്ഷേത്രഭരണത്തിൽ വീഴ്ചകളും സാമ്പത്തിക ക്രമക്കേടുകളും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളതായി വിവിധ ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്.<br><br>ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം, കട്ടിളപ്പാളി എന്നിവയുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായ ശേഷം പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകളുടെയും ബഹു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ